(ഇ) ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ താരതമ്യേന പുതുതായി ഏർപ്പെടുത്തപ്പെട്ട സ്ഥാപനങ്ങളാകയാൽ അവിടങ്ങളിൽ ക്രമമായ വാർഷിക ഓഡിറ്റിനുള്ള സംവിധാനം ഏർപ്പെടുത്തി വരുന്നതേയുള്ളൂ.

385 (1578) കെട്ടിടത്തിന് നമ്പരിട്ടുനൽകുവാൻ നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലശ്ശേരി പഞ്ചായത്തിലെ ശ്രീ. ഗോപിനാഥൻ, തൂവാന, പെരുവല്ലൂർ എന്നയാൾ 1990-ൽ പണി ആരംഭിച്ചതും 96-ൽ മാത്രം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടത്തിന് പഞ്ചായത്ത് അധികൃതർ നമ്പരിട്ട് കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഹിയറിംഗിന് വിളിച്ചിട്ടും ഹാജരാകാത്ത പഞ്ചായത്തു സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ എന്തു നടപടി സ്വീകരിച്ചു;

(സി) കെട്ടിടനിർമ്മാണ ചട്ടം നടപ്പാക്കുന്നതിനുമുൻപ് പണിത ശ്രീ. ഗോപിനാഥന്റെ വീടിന് നമ്പരിട്ടു കൊടുക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രീ. ഗോപിനാഥൻ 12.4.1996-ൽ നമ്പരിടുന്നതിന് അപേക്ഷ മുല്ലശ്ശേരി പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. എന്നാൽ 1990-ൽ പണി ആരംഭിച്ചതിന് യാതൊരു രേഖയും ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ കെട്ടിട നമ്പർ നൽകിയിട്ടില്ല.

(ബി) ഹിയറിംഗിന്റെ നോട്ടീസ് യഥാസമയം ലഭിച്ചിരുന്നില്ല എന്നു സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കും.

386 (1579) ജനകീയാസൂത്രണത്തിൽ ലോക്കൽ ബോഡികളുടെ വിഹിതം

ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിൽ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ ലോക്കൽ ബോഡികളുടെ വിഹിതം 1997-98, 1998-99 എന്നീ വർഷങ്ങളിൽ എത്ര വീതമായാണ് നിശ്ചയിച്ചിരുന്നത്;

(ബി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുകയ്ക്കുള്ള വിഹിതം സംഭാവന ചെയ്തിട്ടുണ്ട്.

(സി) ഇതിൽ പണമായും ശ്രമദാനമായും മറ്റുവിധത്തിലും എന്തു തുകവീതം സംഭാവന നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly